പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1582

13.07.2011-ൽ മറുപടിയ്ക്ക്

## പഞ്ചായത്തുകളുടെ അടിസ്ഥാന വികസനത്തിന് നബാർഡ് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ജി.എസ്. ജയലാൽ : | | ഡോ: എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ. വികസന കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിലേയ്ക്കായി നബാർഡ് സഹായത്തോടെ വില്ലേജ് ഡെവലപ്മെന്റ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ. | നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം ട്രാഞ്ചെ XV-ൽ ഉൾപ്പെടുത്തി അഞ്ച് ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത, ഓരോ ബ്ലോക്കിൽ ഉൾപ്പെട്ട മുഴുവൻ ഗ്രാമപഞ്ചായത്തുകളെയും ബാക്കി ജില്ലകളിൽ നിന്നും ഓരോ ഗ്രാമപഞ്ചായത്തുകളെയുമാണ് അടിസ്ഥാന സൗകര്യ വികസനത്തിനായി വില്ലേജ് ഡെവലപ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി നബാർഡ് തെരഞ്ഞെടുത്തിട്ടുള്ളത്. |
| ബി. പ്രസ്തുത പദ്ധതിയിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നിന്നും ഏത് ഗ്രാമപഞ്ചായത്തിനെയാണ് തെരഞ്ഞെടുത്തതെന്നും പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ പുരോഗതിയും വ്യക്തമാക്കുമോ ; | ബി. | കൊല്ലം ജില്ലയിൽ ഇത്തിക്കര ബ്ലോക്കിലെ (ചാത്തന്നൂർ നിയോജക മണ്ഡലം) ചിറക്കര ഗ്രാമപഞ്ചായത്തിനെ നബാർഡിന്റെ വില്ലേജ് ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അഞ്ചുകോടി രൂപയുടെ എസ്റ്റിമേറ്റ് തുകയുള്ള പശ്ചാത്തല വികസന പദ്ധതികളുടെ നിർദ്ദേശമാണ് പഞ്ചായത്ത് ഭരണസമിതി നബാർഡിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിന് നബാർഡിൽ നിന്ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| സി. നിലവിൽ ഉൾപ്പെടുത്തിയ പഞ്ചായത്തുകളെക്കൂടാതെ ഈ പദ്ധതിയിൽ പുതിയ പഞ്ചായത്തുകളെ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുവോ ; എങ്കിൽ പുയപ്പള്ളി ഗ്രാമപഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തുവാൻ സന്നദ്ധമാകുമോ ? | സി. | ഒരു പൈലറ്റ് പ്രോജക്റ്റ് എന്ന നിലയിലാണ് ട്രാഞ്ചെ XV-ൽ ഉൾപ്പെടുത്തി പിന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകളെ അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ഈ പദ്ധതി വിപുലപ്പെടുത്തുന്നതിനായി നബാർഡ് തീരുമാനിക്കുകയാണെങ്കിൽ മാനദണ്ഡങ്ങൾക്ക് അനുസൃതമായി പുയപ്പള്ളി ഗ്രാമപഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.